കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# കൽക്കരിഖനികൾ തൊഴിലാളി ക്ഷേമനിധി ആക്റ്റ്, 1947

## (1947-ലെ 32-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിപ്പ്
പ്രസിദ്ധീകരിക്കുന്നത്

3/4425/S

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കല്ക്കരിഖനികൾ തൊഴിലാളി ക്ഷേമനിധി ആക്റ്റ്, 1947

## (1947-ലെ 32-ാം നമ്പർ ആക്റ്റ്)

[1947 ഏപ്രിൽ, 18]

കല്ക്കരിഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ധനസഹായം ചെയ്യുന്നതിന് കൂടുതൽ നല്ല വ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ഒരു ആക്റ്റ്.

പാർപ്പിടമേർപ്പെടുത്തലും ഡിസ്പെൻസറി സേവനങ്ങൾ നല്കലും ഉൾപ്പെടെ കല്ക്കരിഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ധനസഹായം ചെയ്യുന്നതിന് കൂടുതൽ നല്ല വ്യവസ്ഥ ഉണ്ടാക്കുന്നതും അങ്ങനെയുള്ള ആവശ്യങ്ങൾക്ക് ഒരു സെസ്സ് ചുമത്തുകയും ഒരു നിധി ഏർപ്പെടുത്തുകയും ചെയ്യുന്നതും സമീചീനമായിരിക്കയാൽ;

താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന്, കല്ക്കരിഖനികൾ തൊഴിലാളിക്ഷേമനിധി ആക്റ്റ്, 1947 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. വ്യാഖ്യാനങ്ങൾ.— ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ''ഉപദേശകക്കമ്മിററി''യ്ക്ക്, 8-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററി എന്നർത്ഥമാകുന്നു;

(ഖ) ''കമ്മീഷണർ''ക്ക്, 9-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന കല്ക്കരിഖനികൾ തൊഴിലാളിക്ഷേമ കമ്മീഷണർ എന്നർത്ഥമാകുന്നതും, അതിൽ കമ്മീഷണർ, ഈ ആക്റ്റിൻകീഴിലെ തൻെറ ചുമതലകളിൽ ഏതെങ്കിലും നിർവ്വഹിക്കാൻ ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതും ആകുന്നു;

(ഗ) ''പാർപ്പിടബോർഡി''ന്, 8-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തുന്ന കല്ക്കരിഖനികൾ തൊഴിലാളി പാർപ്പിടബോർഡ് എന്നർത്ഥമാകുന്നു;

(ഘ) ''നിധി''ക്ക്, 4-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തുന്ന കല്ക്കരിഖനികൾ തൊഴിലാളി പാർപ്പിടവും സാമാന്യക്ഷേമവും നിധി എന്നർത്ഥമാകുന്നു;

(ങ) ''നിർണ്ണയിക്കപ്പെടുന്ന'', എന്നാൽ, ഈ ആക്റ്റിൽ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

3\. ഡ്യൂട്ടി ചുമത്തലും പിരിക്കലും.—(1) ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ കല്ക്കരിഖനിയിൽനിന്ന് അയക്കുന്ന എല്ലാ കല്ക്കരിയിൻമേലും, കരിച്ച കല്ക്കരിയിൻമേലും കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, അപ്പോഴപ്പോൾ നിശ്ചയിക്കുന്നതും മെട്രിക് ടണ്ണിന് ഇരുപത്തഞ്ചു പൈസയിൽ കുറയാത്തതും എഴുപത്തഞ്ചു പൈസയിൽ കൂടാത്തതുമായ നിരക്കിൽ ഒരു എക്സൈസ് ഡ്യൂട്ടി, ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്കുവേണ്ടി ഒരു സെസ്സായി ലെവിചെയ്യുകയും പിരിക്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, വിനിർദ്ദിഷ്ടമായ ഏതെങ്കിലും തരം അല്ലെങ്കിൽ തരങ്ങൾ കല്ക്കരിയേയോ കരിച്ച കല്ക്കരിയേയോ ഡ്യൂട്ടിയ്ക്കുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ലെവിചെയ്യപ്പെടുന്ന ഡ്യൂട്ടി നിർണ്ണയിക്കപ്പെടുന്ന ഏജൻസികളാലും രീതിയിലും, ഇതിലേയ്ക്ക് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയവും, അനുസൃതവും ആയി പിരിക്കപ്പെടേണ്ടതാകുന്നു.

4\. കല്ക്കരിഖനികൾ തൊഴിലാളി പാർപ്പിടവും സാമാന്യക്ഷേമവും നിധി.—(1) 3-ാം വകുപ്പിൻകീഴിൽ ലെവിചെയ്യുന്ന ഡ്യൂട്ടികളുടെ വരവ്, പിരിക്കുന്ന ഏജൻസികൾ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൽക്കട്ടയിലെ റിസർവ് ബാങ്ക് ആഫ് ഇൻഡ്യയിലേയ്ക്ക് കൊടുക്കേണ്ടതും, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, കേന്ദ്രഗവൺമെൻറ് അപ്പോഴപ്പോൾ നിശ്ചയിക്കുന്ന രീതിയിൽ കല്ക്കരിഖനികൾ തൊഴിലാളി പാർപ്പിടവും സാമാന്യക്ഷേമവും നിധി എന്ന് പേർ പറയപ്പെടേണ്ട ഒരു നിധിയിലേക്ക് വരവു വയ്ക്കുകയും, നിധിയുടെ പാർപ്പിട അക്കൗണ്ട് എന്നും, നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ട് എന്നും പേർ പറയപ്പെടേണ്ട രണ്ടു വെവ്വേറെയുള്ള അക്കൗണ്ടുകൾക്ക് കീഴിലായി വീതിക്കുകയും ചെയ്യേണ്ടതാകുന്നു.

എന്നാൽ, ഏതൊരു മെട്രിക്ക് ടൺ കല്ക്കരിയിൻമേലും, അല്ലെങ്കിൽ കരിച്ച കല്ക്കരിയിൻമേലും, ഈ ആക്റ്റിൻകീഴിൽ പിരിക്കുന്ന ഡ്യൂട്ടിയിൽ നിന്ന് എല്ലാ സമയത്തും.—

(ക) നിധിയുടെ പാർപ്പിട അക്കൗണ്ടിലേക്ക്, പന്ത്രണ്ടു പൈസയിൽ കുറയാതേയും;

(ഖ) നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിലേക്ക്, നാല്പത്തഞ്ചു പൈസയിൽ കൂടാതേയും;

വരവു വയ്ക്കേണ്ടതാകുന്നു.

(2) നിധിയുടെ പാർപ്പിട അക്കൗണ്ടിലേക്ക്,—

(ക) കേന്ദ്രഗവൺമെൻറ് അതിലേക്ക് നല്കുന്ന ഏതെങ്കിലും ഗ്രാൻറുകളും;

(ഖ) അങ്ങനെയുള്ള അക്കൗണ്ടിൽനിന്ന് നിർമ്മിക്കുന്ന പാർപ്പിടങ്ങളിൽനിന്നു പിരിഞ്ഞുകിട്ടുന്ന വാടക വല്ലതുമുണ്ടെങ്കിൽ അതും;

(ഗ) പാർപ്പിടബോർഡിന് കിട്ടുന്ന മററേതെങ്കിലും പണവും;

കൂടി വരവു വയ്ക്കേണ്ടതാകുന്നു.

5\. നിധിയിൽനിന്നുള്ള ചെലവ്.—(1) നിധിയുടെ ഭരണം നടത്തുന്നതിൻെറ ചെലവും നിധിയിൽനിന്ന് ധനസഹായം ചെയ്യുന്ന നടപടികളുടെ മേൽനോട്ടത്തിനോ അവ നടപ്പാക്കുന്നതിനോവേണ്ടി നിയമിക്കപ്പെടുന്ന

കമ്മീഷണറുടേയും, ഇൻസ്പെക്ററർമാരുടേയും, ക്ഷേമ ഉദ്യോഗസ്ഥൻമാരു
ടേയും മററു സ്ററാഫിൻേറയും ശമ്പളവും, ബത്തകഠം വല്ലതുമുണ്ടെങ്കിൽ
അവയും, നിധിയിൽനിന്ന് കൊടുത്തുതീർക്കേണ്ടതും, നിർണ്ണയിക്കപ്പെടുന്ന
രീതിയിൽ പാർപ്പിട അക്കൗണ്ടിനും സാമാന്യക്ഷേമ അക്കൗണ്ടിനും ഇടയിൽ
വീതിക്കുകയും അവയിലേക്ക് ചെലവെഴുതുകയും ചെയ്യേണ്ടതും ആകുന്നു,

(2) കേന്ദ്രഗവൺമെൻറിന്, കല്ക്കരിഖനി ഉടമസ്ഥൻമാരിൽ, തങ്ങ
ളുടെ കല്ക്കരിഖനിയിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ഗുണത്തി
നായി നിർണ്ണയിക്കപ്പെടുന്ന നിലവാരത്തിലുള്ള ഡിസ്പെൻസറി സേവനങ്ങഠം
കമ്മീഷണർക്ക് ബോദ്ധ്യപ്പെടുന്ന വിധം നിലനിറുത്തിപോരുന്നവർക്ക്
വർഷംതോറും നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിൽനിന്ന് സഹായക
ഗ്രാൻറുകഠം കൊടുക്കാവുന്നതും, എന്നാൽ, അത്, ഒരു കല്ക്കരിഖനി
ഉടമസ്ഥന് സഹായക ഗ്രാൻറായി കൊടുക്കാവുന്ന തുക,—

(i) കല്ക്കരിഖനിയിൽ നിന്ന് അയക്കുന്ന കല്ക്കരിയോ കരിച്ച
കല്ക്കരിയോ സംബന്ധിച്ച് മെട്രിക്ക് ടണ്ണിന് 4.1 പൈസാ നിരക്കിൽ
വസൂലാക്കപ്പെടുന്ന ഡ്യൂട്ടിയിൽനിന്ന് ആനുപാതികമായ വസൂലാക്കൽ
ചെലവ് കുറച്ചുള്ള തുകയോ;

(ii) ഡിസ്പെൻസറി സേവനങ്ങഠം നിലനിറുത്തിപ്പോരുന്നതിന്
കല്ക്കരിഖനി ഉടമസ്ഥൻ ചെലവാക്കിയതായി കമ്മീഷണർ നിശ്ചയി
ക്കുന്നതുകയോ;

ഏതാണോ കുറവ്, അതിൽ കവിയാൻ പാടില്ലാത്തവിധം ആയിരിക്കേണ്ടതുമാ
കുന്നു:

എന്നാൽ, കല്ക്കരിഖനിയുടെ ഉടമസ്ഥൻ നിലനിറുത്തിപ്പോരുന്ന ഏതെ
ങ്കിലും ഡിസ്പെൻസറി സേവനം സംബന്ധിച്ച്, അതിന് ചെലവഴിച്ചതായി
കമ്മീഷണർ നിശ്ചയിക്കുന്ന തുക പ്രതിമാസം എൺപതു രൂപയിൽ കുറവായി
രിക്കുന്നുവെങ്കിൽ, യാതൊരു സഹായകഗ്രാൻറും കൊടുക്കാവുന്നതായിരിക്കു
ന്നതല്ല.

(3) നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിലെ ബാക്കിപ്പണം, കേന്ദ്ര
ഗവൺമെൻറിൻെറ അഭിപ്രായത്തിൽ, കല്ക്കരിഖനി വ്യവസായത്തിൽ നിയോജി
ക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന്
ആവശ്യകമോ, സമീചീനമോ ആയ നടപടികഠം സംബന്ധിച്ച് ഉണ്ടാകുന്ന
ചെലവ് നേരിടുന്നതിന് വിനിയോഗിക്കേണ്ടതാകുന്നു.

(4) (3)-ാം ഉപവകുപ്പിലെ സാമാന്യതയ്ക്ക് ഭംഗം വരാതെ, നിധിയുടെ
സാമാന്യക്ഷേമ അക്കൗണ്ടിലെ പണം.—

(ക) കല്ക്കരിഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴി
ലാളികളുടെ ഗുണത്തിനായുള്ളതും,—

(i) പൊതുജനാരോഗ്യവും ശുചീകരണവും മെച്ചപ്പെടുത്തുന്ന
തിനേയും, രോഗനിവാരണത്തേയും, ഏത് കല്ക്കരിഖനിയുടെ ഉടമസ്ഥൻ
മാർക്കാണോ (2)-ാം ഉപവകുപ്പിൻ കീഴിൽ സഹായക ഗ്രാൻറുകഠം കിട്ടാ
ത്തത്, ആ കല്ക്കരിഖനികളിൽ ഡിസ്പെൻസറി സേവനങ്ങഠം ഏർപ്പെടു
ത്തുകയും നിലനിറുത്തിപ്പോരുകയും ചെയ്യുന്നത് ഉഠംപ്പെടെ ചികിൽസീയ
സൗകര്യങ്ങഠം ഏർപ്പെടുത്തുന്നതിനേയും നിലവിലുള്ള ചികിൽസീയ
സൗകര്യങ്ങഠം മെച്ചപ്പെടുത്തുന്നതിനേയും,

(ii) വെള്ളം നല്കാനുള്ള ഏർപ്പാടുകളും കഴുകൽ സൗകര്യങ്ങളും
ഏർപ്പെടുത്തുന്നതിനേയും നിലവിലുള്ള ഏർപ്പാടുകളും സൗകര്യങ്ങളും
മെച്ചപ്പെടുത്തുന്നതിനേയും.

(iii) വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും;

(iv) ആഹാരപോഷണം ഉൾപ്പെടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനേയും സാമൂഹ്യസ്ഥിതികൾ നന്നാക്കുന്നതിനേയും വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനേയും;

(v) പ്രവൃത്തി സ്ഥലത്തേക്കും അവിടെ നിന്നും പരിവഹണം ഏർപ്പെടുത്തുന്നതിനേയും, ലക്ഷ്യമാക്കിയുള്ളതുമായ നടപടികളുടെ ചെലവും;

(ഖ) നിധിയിലെ സാമാന്യക്ഷേമ അക്കൗണ്ടിലെ പണം, ഉപയോഗപ്പെടുത്താവുന്ന ഏതെങ്കിലും ആവശ്യത്തിനുവേണ്ടി കേന്ദ്രഗവൺമെൻറ് അംഗീകരിക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ധനസഹായത്തിന്, ഒരു സ്റേററ്റ് ഗവൺമെൻറിനോ തദ്ദേശാധികാരസ്ഥാനത്തിനോ, അല്ലെങ്കിൽ ഒരു കല്ക്കരിഖനിയുടെ ഉടമസ്ഥനോ, ഏജൻറിനോ മാനേജർക്കോ ഉള്ള പണത്തിന്റെ ഗ്രാൻറും;

(ഗ) ഉപദേശകക്കമ്മിററിയുടെ അംഗങ്ങളുടെ ബത്തകൾ വല്ലതും ഉണ്ടെങ്കിൽ, അവയും (1)-ാം ഉപവകുപ്പിൻകീഴിൽ അക്കൗണ്ടിലേക്ക് ചെലവെഴുതേണ്ട തുകകളും;

(ഘ) നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിലെ പണത്തിൽനിന്ന് കൊടുത്തുതീർക്കേണ്ടതായി കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന മററതെങ്കിലും ചെലവും,

കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(5) കേന്ദ്രഗവൺമെൻറ്, നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിലേക്കുള്ള വരവുകളുടേയും, അതിൽനിന്നുള്ള ചെലവുകളുടേയും ഒരു അടങ്കൽ കണക്കുകളുടെ സ്റേററ്മെൻറും നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിൽ നിന്ന് മുൻവർഷം ധനസഹായം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ടും സഹിതം വർഷംതോറും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെയുള്ള സ്റേററ്മെൻറിൻേറയും റിപ്പോർട്ടിൻേറയും പകർപ്പുകൾ ഉപദേശകക്കമ്മിററിയിലെ അംഗങ്ങൾക്ക് അയക്കേണ്ടതും ആകുന്നു.

(6) നിധിയുടെ പാർപ്പിട അക്കൗണ്ടിലെ പണം, പാർപ്പിടബോർഡ്—

(ക) കല്ക്കരിഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികൾക്കുള്ള പാർപ്പിടം പണിയുകയും സംരക്ഷിക്കുകയും കേടുപാടു തീർക്കുകയും ചെയ്യുന്നതിനും, അതുമായി ബന്ധപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഉള്ള ചെലവും;

(ഖ) പദ്ധതികൾ തയ്യാറാക്കുന്നതിനും (ക) ഖണ്ഡത്തിൽ പരാമർശിച്ച ആവശ്യങ്ങൾക്കുവേണ്ട ഏതെങ്കിലും ഭൂമി ആർജ്ജിക്കുന്നതിനും ഉള്ള ചെലവും;

(ഗ) (ക) യും, (ഖ) യും ഖണ്ഡങ്ങളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് പാർപ്പിടബോർഡ് അംഗീകരിക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ധനസഹായത്തിന് ഒരു സ്റേററ് ഗവൺമെൻറിനോ തദ്ദേശാധികാരസ്ഥാനത്തിനോ, അല്ലെങ്കിൽ ഒരു കല്ക്കരിഖനിയുടെ ഉടമസ്ഥനോ, ഏജൻറിനോ അല്ലെങ്കിൽ മാനേജർക്കോ ഉള്ള കേന്ദ്രഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായ ഗ്രാൻറും;

(ഘ) പാർപ്പിടബോർഡിലെ അംഗങ്ങളുടെ ബത്തകൾ വല്ലതും ഉണ്ടെങ്കിൽ, അവയും (1)-ാം ഉപവകുപ്പിൻകീഴിൽ അക്കൗണ്ടിലേക്ക് ചെലവെഴുതേണ്ട തുകകളും;

(ങ) നിധിയുടെ പാർപ്പിട അക്കൗണ്ടിലെ പണത്തിൽനിന്ന് കൊടുത്തു തീർക്കേണ്ടതായി കേന്ദ്രഗവൺമെൻറ് നിർദേശിക്കുന്ന മറേറതെങ്കിലും ചെലവും;

കൊടുത്തു തീർക്കുന്നതിന് വിനിയോഗിക്കേണ്ടതാകുന്നു.

(7) ഓരോ വർഷവും ഫെബ്രുവരിയിൽ പാർപ്പിടബോർഡ് നിധിയുടെ പാർപ്പിട ഗ്രാൻറുകളിലേക്കുള്ള മതിപ്പ് വരവുകളുടേയും അതിൽനിന്നുള്ള മതിപ്പ് ചെലവുകളുടേയും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും, അടുത്തു വരുന്ന സാമ്പത്തികവർഷത്തിലേക്കുള്ളതുമായ ഒരു സ്റേററുമെൻറ് നിധിയുടെ പാർപ്പിടഗ്രാൻറിൽനിന്ന് മുൻവർഷം ധനസഹായം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ടു സഹിതം കേന്ദ്രഗവൺമെൻറിന് സമർപ്പിക്കേണ്ടതും, ബോർഡിന് അടുത്തുവരുന്ന സാമ്പത്തികവർഷത്തിൽ ഏതു സമയത്തും കേന്ദ്രഗവൺമെൻറിന് ഒരു അനുപൂരക സ്റേററ്മെൻറ് സമർപ്പിക്കാവുന്നതും, അങ്ങനെയുള്ള സ്റേററ്മെൻറുകളുടേയും റിപ്പോർട്ടുകളുടേയും പകർപ്പുകൾ ബോർഡ് ഉപദേശകക്കമ്മിററിയിലെ അംഗങ്ങൾക്ക് അയക്കേണ്ടതും ആകുന്നു.

(8) പാർപ്പിട ബോർഡ്, നിധിയുടെ പാർപ്പിട അക്കൗണ്ടിൽനിന്നുള്ള ചെലവ് സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് യുക്തമെന്നുതോന്നുന്നതുപോലെ അപ്പോഴപ്പോൾ നല്കുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.

(9) പാർപ്പിട ബോർഡിന്, നിധിയുടെ പാർപ്പിട അക്കൗണ്ടിലുള്ള പണം ഇൻഡ്യാഗവൺമെൻറിൻെറ ഈട്പത്രങ്ങളിലോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മററു ഈടുപത്രങ്ങളിലോ, നിക്ഷേപിക്കാവുന്നതാണ്.

(10) പാർപ്പിട ബോർഡ് നിർണ്ണയിക്കപ്പെടുന്ന കണക്കുബുക്കുകൾ വച്ചുപോരാൻ ഇടയാക്കേണ്ടതും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കണക്കുകളുടെ ഒരു വാർഷിക സ്റേററ്മെൻറ് തയ്യാറാക്കേണ്ടതും ആകുന്നു.

(11) പാർപ്പിട ബോർഡ്, കമ്പനികളുടെ ആഡിററ്റയി പ്രവർത്തിക്കാൻ ഇൻഡ്യൻ കമ്പനികൾ ആക്ററ്, 1956 (1956-ലെ 1)-ലെ 226-ാം വകുപ്പിലെ വ്യവസ്ഥകൾക്കുകീഴിൽ യോഗ്യതയുള്ള ഒരാളെക്കൊണ്ട് നിധിയുടെ പാർപ്പിട അക്കൗണ്ട് വർഷംതോറും ആഡിററ് ചെയ്യിക്കേണ്ടതും, മുൻപറഞ്ഞ അക്കൗണ്ട് ആഡിററ് ചെയ്ത ഉടൻ പാർപ്പിട ബോർഡ് അതിൻെറ പകർപ്പുകൾ അതിൻമേലുള്ള ആഡിററുടെ റിപ്പോർട്ടിൻെറ പകർപ്പുകൾ സഹിതം കേന്ദ്രഗവൺമെൻറിനും ഉപദേശകക്കമ്മിററിയിലെ അംഗങ്ങൾക്കും അയക്കേണ്ടതും ആകുന്നു.

(12) ഏതെങ്കിലും പ്രത്യേക ചെലവ്, നിധിയുടെ പാർപ്പിട അക്കൗണ്ടിലോ സാമാന്യക്ഷേമഅക്കൗണ്ടിലോ ചെലവെഴുതേണ്ടതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിന് കേന്ദ്രഗവൺമെൻറിന് അധികാരം ഉണ്ടായിരക്കുന്നതും, അതിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആണ്.

(13) നിധിയിൽനിന്ന് പതിവനുസരിച്ചുള്ളതോ അടിയന്തരമായതോ ആയ പ്രകൃതമുള്ള ചെലവ് അല്ലാത്ത ഏതെങ്കിലും ചെലവ് നേരിടുന്നതിനു മുൻപു, അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻേറാ പാർപ്പിട ബോർഡോ ഉപദേശകക്കമ്മിററിയുമായി ആലോചിക്കേണ്ടതാകുന്നു.

6. <u>കല്ക്കരിഖനികൾ തൊഴിലാളി പാർപ്പിട ബോർഡ്.</u>— (1) കേന്ദ്രഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, താഴെ പറയുന്ന ആവശ്യങ്ങൾക്കായി, ഒരു കല്ക്കരിഖനികൾ തൊഴിലാള പാർപ്പിട ബോർഡ് ഏർപ്പെടുത്തേണ്ടതാണ്, അതായത്:—

(ക) കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി, കല്ക്കരി ഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികൾക്ക് തക്കതായ പാർപ്പിടം ഏർപ്പെടുത്തുന്നതിനായി, നിധിയുടെ പാർപ്പിട അക്കൗണ്ടിൽനിന്ന് ധനസഹായം ചെയ്യുന്ന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യൽ;

(ഖ) നിധിയിലെ സാമാന്യക്ഷേമ അക്കൗണ്ടിൽനിന്ന് ധനസഹായം ചെയ്യുന്നതും കേന്ദ്രഗവൺമെന്റ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി, വിനിർദ്ദേശിക്കുന്നതുമായ കെട്ടിയുണ്ടാക്കലിന്റേയും സംരക്ഷണത്തിന്റേയും കേടുപാട് തീർക്കലിന്റേയും പണികൾക്കുള്ള പ്ലാനുകളും മതിപ്പുകളും തയ്യാറാക്കുകയും അവ നിർമ്മിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുകയും ചെയ്യൽ;

(ഗ) ഈ ആക്ററ് വഴിയോ, ഈ ആക്ററിൻ കീഴിലോ പാർപ്പിട ബോർഡിന് നല്കുന്ന മറേറതെങ്കിലും ചുമതലകൾ നിർവഹിക്കൽ;

(2) പാർപ്പിട ബോർഡിന്റെ ചെയർമാൻ കമ്മീഷണർ ആയിരിക്കുന്നതും അതിലെ മററ് അംഗങ്ങൾ കേന്ദ്രഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെടുന്നത്ര പേരുണ്ടായിരിക്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതും ആകുന്നു.

(3) പാർപ്പിട ബോർഡ് ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും ജംഗമവസ്തുവും സ്ഥാവരവസ്തുവും ആർജ്ജിക്കാനുള്ള അധികാരത്തോടുകൂടിയതും ആയ കല്ക്കരി ഖനികൾ തൊഴിലാളി പാർപ്പിട ബോർഡ് എന്ന നാമത്തിലുള്ള ഒരു ഏകാംഗികൃത നികായം ആയിരിക്കുന്നതും, അതു വ്യവഹരിക്കുകയും, അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് മുൻപറഞ്ഞ നാമത്തിലായിരിക്കേണ്ടതും ആകുന്നു.

(4) പാർപ്പിട ബോർഡ് ചെയ്യുന്ന യാതൊരു കൃത്യവും, പാർപ്പിട ബോർഡിൽ ഏതെങ്കിലും ഒഴിവോ, അതു ഏർപ്പെടുത്തിയതിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

7. <u>പാർപ്പിടം സംബന്ധിച്ച വ്യവസ്ഥകൾ</u>.—(1) നിധിയുടെ പാർപ്പിട അക്കൗണ്ടിൽ നിന്ന് ഏർപ്പെടുത്തുന്ന ഏതെങ്കിലും പാർപ്പിടത്തിൽ ഏതെങ്കിലും ആൾ താമസിക്കുന്നത്, അയാൾ അങ്ങനെയുള്ള പാർപ്പിടത്തിലെ തന്റെ താമസം സംബന്ധിച്ചുള്ള തന്റെ നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ എല്ലാ സമയത്തും അനുസരിച്ച് പ്രവർത്തിക്കുന്നതിന് വിധേയമായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും പാർപ്പിടത്തിൽ ഏതെങ്കിലും ആൾ താമസിക്കുന്നതിനുമുൻപ്, അയാൾക്കു, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപാധികളുടെ ഒരു പകർപ്പ് നല്കേണ്ടതും മുൻപറഞ്ഞ ഉപാധികൾ, തനിക്ക് മനസിലാകുന്ന ഒരു ഭാഷയിൽ, തന്നെ വായിച്ചുകേൾപ്പിക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ, അപ്രകാരം ചെയ്യേണ്ടതും മുൻപറഞ്ഞ ഉപാധികളിൽ അപ്പോഴപ്പോൾ ഉണ്ടാക്കിയേക്കാവുന്ന മാററങ്ങൾ ബന്ധപ്പെട്ട ആളുകളെ അറിയിക്കാൻ ഏററവും അനുയോജ്യമായതാണെന്ന് തോന്നുന്ന രീതിയിൽ പാർപ്പിട ബോർഡ് പ്രസിദ്ധപ്പെടുത്തിക്കേണ്ടതും ആകുന്നു.

(3) അങ്ങനെയുള്ള ഏതെങ്കിലും പാർപ്പിടത്തിൽ താമസിക്കുന്ന ഏതെങ്കിലും ആൾ, പാർപ്പിടബോർഡിന്റെ അഭിപ്രായത്തിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപാധികളിൽ ഏതെങ്കിലും അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയോ അനുസരിച്ച് പ്രവർത്തിക്കുന്നത് അവസാനിപ്പിക്കുകയേ

നോട്ടീസ് വഴി, നോട്ടീസിൽ
ചെയ്യുന്നുവെങ്കിൽ, ബോർഡിന് ലിഖിതമായ
വിനിർദ്ദേശിക്കുന്നതും നോട്ടീസ് നടത്തി മുപ്പതു ദിവസത്തിനുള്ളിലല്ലാത്ത
തുമായ ഒരു തീയതിയോ അതിനുമുൻപോ പാർപ്പിടം ഒഴിയണമെന്ന് ആവശ്യ
പ്പെടാവുന്നതും അപ്രകാരം വിനിർദ്ദേശിക്കുന്ന തീയതിക്കുശേഷം, അങ്ങനെ
യുള്ള ആളോ അയാളുടെ ഏതെങ്കിലും ആശ്രിതനോ അങ്ങനെയുള്ള പാർപ്പിട
ത്തിൽ താമസിക്കുന്നത് നിയമവിരുദ്ധമായിരിക്കുന്നതും, അതനുസരിച്ച്,
അങ്ങനെയുള്ള ആളേയോ ആശ്രിതനേയോ അങ്ങനെയുള്ള പാർപ്പിടത്തിൽനിന്നു
മുറപ്രകാരമുള്ള നിയമപ്രക്രിയവഴി ഒഴിപ്പിക്കാവുന്നതും ആണ്.

(4) മുൻപറഞ്ഞതുപോലെ അങ്ങനെയുള്ള ഏതെങ്കിലും പാർപ്പിട
ത്തിൽ താമസിക്കുന്നത് സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ വാടക
കൊടുക്കേണ്ടതായിരിക്കുന്നതാണ്:

എന്നാൽ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഉപാധികൾ എല്ലാസമയത്തും
അനുസരിച്ച് പ്രവർത്തിക്കുന്നതിന് വിധേയമായി, പാർപ്പിടബോർഡിന്
നിർണ്ണയിക്കപ്പെടുന്ന വാടക മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ
ഇളവുചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, ഒന്നാം പരിമിതി വ്യവസ്ഥയ്ക്ക് കീഴിലെ ഒരു ഇളവി
ന്റെ ബലത്തിൽ, വാടക കൊടുക്കാതിരിക്കുകയോ, കുറച്ച് വാടക കൊടുക്കു
കയോ, ചെയ്യുന്ന ഏതെങ്കിലും ആളുടെ സംഗതിയിൽ, അങ്ങനെയുള്ള ആൾ
മുൻപറഞ്ഞ ഉപാധികളിൽ ഏതെങ്കിലും ഉല്ലംഘിച്ചിട്ടുണ്ടെന്നു വിശ്വസിക്കാൻ
കാരണമുള്ളിടത്ത്, പാർപ്പിടബോർഡിന് അയളോട് ലിഖിതമായ നോട്ടീസ്
വഴി, നോട്ടീസ് നടത്തിയതു മുതൽ എഴുദിവസം കഴിയുന്നതോടെയും, കഴി
ഞ്ഞതിനുശേഷവും ഉള്ള പ്രഭാവത്തോടുകൂടി, അയാൾ താമസിക്കുന്ന പാർപ്പിട
ത്തിന് നിർണ്ണയിക്കപ്പെട്ട പൂർണ്ണനിരക്കിൽ വാടക കൊടുക്കാൻ ആവശ്യപ്പെടാ
വുന്നതാണ്.

(5) അങ്ങനെയുള്ള പാർപ്പിടത്തിൽ താമസിക്കുന്നത് സംബന്ധിച്ച്
മുൻപറഞ്ഞതുപോലെ കൊടുക്കേണ്ട എല്ലാ വാടകയും, അതു നിർണ്ണയിക്കപ്പെട്ട
പൂർവ്വനിരക്കിലോ കുറഞ്ഞ നിരക്കിലോ അയാലും, ഭൂമിക്കരക്കുടിശ്ശിക
പോലെ വസൂലാക്കാവുന്നതായിരിക്കുന്നതാണ്.

8. ഉപദേശക്കമ്മിററി.— (1) കേന്ദ്രഗവൺമെൻറിനോടോ പാർപ്പിട
ബോർഡിനോടോ ഉപദേശക്കമ്മിററിയുമായി ആലോചിക്കാൻ ഈ ആക്ററ്
ആവശ്യപ്പെടുന്ന വിഷയങ്ങളിൻമേലും ഈ ആക്ററിന്റെ ഭരണത്തിൽനിന്ന്
ഉദ്ഭവിക്കുന്നതും കേന്ദ്രഗവൺമെൻറ് ഉപദേശത്തിനായി കമ്മിററിയ്ക്ക്
റഫർ ചെയ്യുന്നതുമായ മറേറതെങ്കിലും വിഷയങ്ങളിൽമേലും ഉപദേശിക്കാനായി
കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഒരുഉപദേശക
ക്കമ്മിററി ഏർപ്പെടുത്തേണ്ടതാകുന്നു.

(2) ഉപദേശകക്കമ്മിററിയിലെ അംഗങ്ങൾ കേന്ദ്രഗവൺമെൻറിനാൽ
നിയമിക്കപ്പെടേണ്ടതും, നിർണ്ണയിക്കപ്പെടുന്നത്രപേർ ഉണ്ടായിരിക്കേണ്ടതും
നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതും ആകുന്നു:

എന്നാൽ, ഉപദേശകക്കമ്മിററിയിൽ, ഗവൺമെൻറിനേയും കല്ക്കരിഖനി
ഉടമസ്ഥൻമാരേയും കല്ക്കരി ഖനി വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന
തൊഴിലാളികളേയും പ്രതിനിധാനം ചെയ്യുന്ന തുല്യസംഖ്യയുള്ള അംഗങ്ങൾ
ഉൾപെട്ടിരിക്കേണ്ടതും, ഉപദേശകക്കമ്മിററിയിലെ ഒരംഗമെങ്കിലും സ്ത്രീ
യായിരിക്കേണ്ടതും ആകുന്നു.

(3) ഉപദേശകക്കമ്മിററിയുടെ ചെയർമാൻ, കേന്ദ്രഗവൺമെൻറ് നിയമിക്കുന്ന കേന്ദ്രഗവൺമെൻറിലെ ഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്.

9. ഉദ്യോഗസ്ഥൻമാരുടെ നിയമനവും അധികാരങ്ങളും. — (1) കേന്ദ്ര ഗവൺമെൻറിന്, നിധിയിൽനിന്ന് ധനസഹായം നല്കുന്ന നടപടികളുടെ മേൽ നോട്ടത്തിനും, അവ നടപ്പാക്കുന്നതിനും ആയി ഒരു കല്ക്കരിഖനികൾ തൊഴിലാളിക്ഷേമകമ്മീഷണറേയും, യുക്തമെന്നു തോന്നുന്നത്ര ഇൻസ്പെക്ടർമാരേയും ക്ഷേമ ഉദ്യോഗസ്ഥൻമാരേയും മററ് സ്ററാഫിനേയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരാളും, ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ളിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

(3) കമ്മീഷണർക്കോ, ഏതെങ്കിലും ഇൻസ്പെക്ടർക്കോ ക്ഷേമ ഉദ്യോഗസ്ഥനോ യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി നിധിയിൽനിന്ന് ധനസഹായം നല്കുന്ന നടപടികളുടെ മേൽനോട്ടത്തിനോ അവ നടപ്പാക്കുന്നതിനോ വേണ്ടി, പ്രവേശിക്കുന്നത് ആവശ്യകമാണെന്ന് പരിഗണിക്കുന്ന ഏതു സ്ഥലത്തും ന്യായമായ എല്ലാ സമയങ്ങളിലും പ്രവേശിക്കാവുന്നതും, തന്റെ കർത്തവ്യങ്ങളുടെ ശരിയായ നിർവഹണത്തിന് ആവശ്യകമായ എന്തെങ്കിലും അതിനുള്ളിൽ ചെയ്യാവുന്നതും ആണ്.

10. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.— (1) കേന്ദ്രഗവൺമെൻറിന് ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായും, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ—

(i) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ലെവി ചെയ്യുന്ന ഡ്യൂട്ടി പിരിക്കേണ്ട രീതിക്കും, പണം കൊടുക്കാൻ ബാദ്ധ്യസ്ഥരായ ആളുകൾ ആരാണെന്നുള്ളതിനും, റീഫണ്ടുകൾ നല്കലിനും ഇളവുകൾക്കും വസൂലാക്കലുകൾക്കും, പിരിവ് ഏജൻസികൾ പിരിവ് ചെലവ് നേരിടുന്നതിനു പിരിഞ്ഞുകിട്ടുന്നതിന്റെ ഒരു ശതമാനം കിഴിവു ചെയ്യുന്നതിനും/വരവുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിലേക്കു അയച്ചുകൊടുക്കുന്നതിൽ അനുസരിക്കേണ്ട നടപടി ക്രമത്തിനും;

(ii) പാർപ്പിടബോർഡ് ആരെല്ലാം അടങ്ങിയതായിരിക്കണമെന്നുള്ളതിനും അതിന്റെ അംഗങ്ങൾ വരണം ചെയ്യപ്പെടേണ്ട രീതിയ്ക്കും അതിന്റെ അംഗങ്ങളുടെ ഉദ്യോഗകാലാവധിക്കും, അവർക്ക് ബത്തകൾ വല്ലതും കൊടുക്കാനുണ്ടെങ്കിൽ അവയ്ക്കും, പാർപ്പിടബോർഡിന്റെ യോഗത്തിൽ കോറം ആകാൻ ആവശ്യകമായ അംഗങ്ങളുടെ എണ്ണം ഉൾപ്പെടെ, ബോർഡ് അതിന്റെ ബിസിനസ് നടത്തേണ്ട രീതിയ്ക്കും;

(iii) പാർപ്പിടബോർഡ് വച്ചുപോരേണ്ട കണക്കുബുക്കുകൾക്കും, അതിന്റെ ധനകാര്യ അടങ്കലുകളുടേയും കണക്കുകളുടെ സ്റേററ്മെൻറിന്റേയും ഫാറത്തിനും;

(iv) ഉപദേശകക്കമ്മിററികൾ ആരെല്ലാം അടങ്ങിയിരിക്കണമെന്നതിനും, അതിന്റെ അംഗങ്ങൾ വരണം ചെയ്യപ്പെടേണ്ടരീതിക്കും, അതിന്റെ

അംഗങ്ങളുടെ ഉദ്യോഗകാലാവധിയ്ക്കും, അവർക്കു ബത്തകൾ വല്ലതും കൊടുക്കാനുണ്ടെങ്കിൽ അവയ്ക്കും, ഉപദേശകക്കമ്മിററി അതിന്റെ ബിസിനസ് നടത്തേണ്ടരീതിയ്ക്കും;

(v) നിധിയുടെ ഭരണത്തിനുള്ള ചെലവും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി നിയോജിക്കപ്പെടുന്ന കമ്മീഷണറുടേയും ഇൻസ്പെക്ടർമാരുടെയും ക്ഷേമ ഉദ്യോഗസ്ഥൻമാരുടേയും മററു സ്ററാഫിന്റേയും ശമ്പളങ്ങൾക്കും ബത്തകൾക്കും ഉള്ള ചെലവും, നിധിയുടെ പാർപ്പിടഅക്കൗണ്ടിലേക്കും സാമാന്യക്ഷേമ അക്കൗണ്ടിലേക്കും ആയി വീതിക്കുന്നതിനും;

(vi) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് കല്ക്കരി ഖനി ഉടമസ്ഥൻമാർ ഏർപ്പെടുത്തേണ്ട ഡിസ്പെൻസറിസേവനത്തിന്റെ നിലവാരത്തിനും ഡിസ്പ്പെൻസറികളുടേയും, അങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തുന്ന മററു സ്ഥലങ്ങളുടേയും, പരിശോധനയ്ക്കും മേൽനോട്ടത്തിന്നും;

(vii) സഹായക ഗ്രാൻറുകൾക്കുള്ള കല്ക്കരിഖനി ഉടമസ്ഥൻമാരുടെ അപേക്ഷയ്ക്കും, അങ്ങനെയുള്ള അപേക്ഷ കൊടുക്കേണ്ടത് ഏത് അധികാരസ്ഥാനത്തിനും ഏതു രീതിയിലുമാണെന്നുള്ളതിനും, അങ്ങനെയുള്ള അപേക്ഷയിൽ വിനിർദ്ദേശിക്കേണ്ട വിവരങ്ങൾക്കും;

(viii) ഡിസ്പെൻസറി സേവനങ്ങൾ കേന്ദ്രഗവൺമെൻറിന് ഏർപ്പെടുത്താവുന്ന രീതിക്കും;

((ix) നിധിയുടെ സാമാന്യക്ഷേമ അക്കൗണ്ടിൽനിന്ന് ഒരു സ്റേററ് ഗവൺമെൻറിനോ, തദ്ദേശാധികാരസ്ഥാനത്തിനോ, അല്ലെങ്കിൽ ഒരു കല്ക്കരി ഖനിയുടെ ഉടമസ്ഥനോ ഏജൻറിനോ മാനേജർക്കോ ഉള്ള, പണത്തിന്റെ ഗ്രാൻറിനെ നിയന്ത്രിക്കുന്ന ഉപാധികൾക്കും.;

(x) നിധിയുടെ പാർപ്പിട അക്കൗണ്ടിൽനിന്ന് ഏർപ്പെടുത്തുന്ന പാർപ്പിടത്തിനുള്ള വാടക നിരക്കിനും;

(xi) നിധിയിൽ നിന്ന് ധനസഹായം ചെയ്യുന്ന നടപടികളുടെ മേൽനോട്ടത്തിനും അവ നടപ്പാക്കുന്നതിനും, നിയമിക്കപ്പെടുന്ന ഇൻസ്പെക്ററർമാരുടേയും, ക്ഷേമ ഉദ്യോഗസ്ഥൻമാരുടേയും മററു ഉദ്യോഗസ്ഥൻമാരുടേയും സേവനവ്യവസ്ഥകൾക്കും കർത്തവ്യങ്ങൾക്കും;

(xii) കമ്മീഷണറുടെ കർത്തൃവങ്ങൾക്കും ചുമതലകൾക്കും;

(xiii) കല്ക്കരിഖനിയുടെ ഉടമസ്ഥൻമാരോ ഏജൻറുമാരോ മാനേജർമാരോ സ്ഥിതി വിവരക്കണക്കുകൾ അല്ലെങ്കിൽ മററു വിവരങ്ങൾ നല്കുന്നതിനും ഈ ഖണ്ഡത്തിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടം ആവശ്യപ്പെടുന്നത് അനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതിനെ ഇരുനൂറ് രൂപയിൽ കവിയാത്ത പിഴ ശിക്ഷ നല്കി ശിക്ഷിക്കുന്നതിനും;

(xiv) ഈ ആക്റ്റിൻ കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിനും,

വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന എതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളത്തിനോ

തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമുണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന് അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

11. 1944-ലെ 7-ാം ആർഡിനൻസ് റദ്ദാക്കൽ.— (1) കല്ക്കരിഖനികൾ തൊഴിലാളി ക്ഷേമനിധി ആർഡിനൻസ്, 1944 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897-(1897-ലെ 10-)6-ാം വകുപ്പിലെ വ്യവസ്ഥകൾ, ഈ വകുപ്പു ചെയ്യുന്ന റദ്ദാക്കലിന് ബാധകമായിരിക്കുന്നതാണെന്ന് സംശയങ്ങൾ ഒഴിവാക്കാനായി, ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

(3) മുൻപറഞ്ഞ ആർഡിനൻസിന്റെ കീഴിൽ ഏർപ്പെടുത്തിയ നിധിയിൽ അവശേഷിക്കുന്ന ഏതെങ്കിലും ബാക്കി ഈ ആക്റ്റിൻ കീഴിൽ ഏർപ്പെടുത്തുന്ന നിധിയിലേക്ക് വരവ് വയ്ക്കേണ്ടതും, കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന രീതിയിൽ, അങ്ങനെയുള്ള നിധിയുടെ പാർപ്പിട അക്കൗണ്ടിനും സാമാന്യക്ഷേമ അക്കൗണ്ടിനും ഇടയിൽ വീതിക്കേണ്ടതും ആകുന്നു.

---